(ഡി) മലബാർ സിമന്റ്സ് കൊച്ചി ഇറമുഖത്ത് സിമന്റ് ലോജിസ്റ്റിക്സ് ഹബ്ബ് സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ യൂണിറ്റിന്റെ പ്രവർത്തനോദ്ദേശ്യം അറിയിക്കാമോ ;

(ഇ) ചേർത്തല യൂണിറ്റിന്റെയും നിർദ്ദിഷ്ട ഹബ്ബിന്റെയും ഭാവി പ്രതിസന്ധികൾ എന്തെല്ലാമാവാമെന്നതിനെക്കുറിച്ച് വിലയിരുത്തലുകൾ നടത്തിയിട്ടുണ്ടോ ; എങ്കിൽ എന്തെല്ലാം ഭാവി പദ്ധതികളാണ് ഈ യൂണിറ്റുകൾക്ക് വേണ്ടി തയ്യാറാക്കിയിട്ടുള്ളതെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) മലബാർ സിമന്റ്സിന്റെ ചേർത്തല യൂണിറ്റ് 2015 മാർച്ച് മാസം മുതൽ പുനരാരംഭിക്കുന്നതിനുള്ള എല്ലാ നടപടികളും പൂർത്തിയായി വരുന്നു.

(ബി) മൂന്നു ഷിഫ്റ്റ് പ്രവർത്തനം വഴി പരമാവധി 900 മെട്രിക് ടൺ സിമന്റ് ഉൽപാദിപ്പിക്കാൻ കഴിയും. ഒരു വർഷത്തേക്ക് ആവശ്യമായ ക്ലിങ്കർ ആഗോള ടെണ്ടർ മുഖേന ലഭ്യമാക്കുവാനുള്ള നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. 27000 മെട്രിക്ക് ടൺ ക്ലിങ്കർ കൊച്ചിൻ പോർട്ട് ട്രസ്റ്റ് ഇറമുഖത്ത് എത്തിയിട്ടുണ്ട്.

(സി) ചേർത്തല യൂണിറ്റിൽ നിന്നും 10 കോടി രൂപയോളം വാർഷിക ലാഭം പ്രതീക്ഷിക്കുന്നു.

(ഡി) ഉണ്ട്. കൊച്ചിൻ പോർട്ട് ട്രസ്റ്റിലുള്ള ലോജിസ്റ്റിക് ഹബ് ചേർത്തല യൂണിറ്റിനും വാളയാർ പ്ലാന്റിനും അത്യന്തം സഹായകരമാണ്. നിർമ്മാണ മേഖലക്ക് ഉണകരമാകുന്ന രീതിയിൽ മണൽ ഇറക്കുമതി ചെയ്ത് വിൽപ്പന നടത്തുവാനുള്ള സാദ്ധ്യതയുമുണ്ട്.

(ഇ) ഉണ്ട്. ക്ലിങ്കർ, മേന്മയുള്ള ഫ്ലൈ ആഷ്, സ്ലാഗ് എന്നിവ കിട്ടാൻ ബുദ്ധിമുട്ടുണ്ടായിരുന്നു. ആയതിന്റെ ലഭ്യത ഉറപ്പു വരുത്തിയിട്ടുള്ളത് വിപണിയിലെ സ്വീകാര്യതക്ക് സഹായകരമാണ്. വാളയാർ പ്ലാന്റിൽ നിന്നുള്ള ജീവനക്കാരെ പുതിയ യൂണിറ്റിലേക്കും നിർദ്ദിഷ്ട ഹബ്ബിലേക്കും പുനർവിന്യാസം ചെയ്യുന്നത് കൊണ്ട് ശമ്പള ഇനത്തിൽ ചെലവ് കുറയും.

മാവൂരിലെ ഗ്രാസിം ഭൂമി

270 (619) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാസിം മാനേജ്മെന്റ് മാവൂരിലെ ഗ്രാസിം ഭൂമിയിൽ എന്തെങ്കിലും വ്യവസായ പദ്ധതി സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത ഭൂമി സർക്കാർ ഏറ്റെടുക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) മാവൂർ ഗ്വാളിയോർ റയോൺസിന് വ്യാവസായിക ആവശ്യത്തിനായി ഏറ്റെടുത്തു നൽകിയതിൽ 187.13 ഏക്കർ ഭൂമി തിരിച്ചെടുക്കുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഇതിനെതിരെ കമ്പനി ബഹു. ഹൈക്കോടതിയിൽ നിന്നും നേടിയ സ്റ്റേ ഓർഡർ നീക്കിക്കിട്ടുന്നതിന് നടപടി സ്വീകരിക്കാൻ അഡ്വക്കേറ്റ് ജനറലിന് നിർദ്ദേശം നൽകിയിട്ടുണ്ട്. 2014 ഒക്ടോബറിൽ മാവൂരിൽ ഒരു Hi-Tech Industrial Services Township സ്ഥാപിക്കുന്നതിനുള്ള സാധ്യതാ റിപ്പോർട്ട് കമ്പനി സർക്കാരിന് സമർപ്പിച്ചു. ഇതുസംബന്ധിച്ച് വിശദമായ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ കിൻഫ്ര മാനേജിംഗ് ഡയറക്ടർക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

കക്കുവണ്ടി മേഖലയിലെ പ്രതിസന്ധികൾ

271 (620) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കക്കുവണ്ടി മേഖലയിലെ പ്രതിസന്ധികൾ സംബന്ധിച്ച് വ്യവസായ വകുപ്പ് അവലോകനം നടത്തിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(സി) കക്കുവണ്ടി മേഖലയിലെ പ്രതിസന്ധികൾ ട്രേഡ് യൂണിയൻ പ്രതിനിധികളുമായി ചർച്ച നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കക്കുവണ്ടി വ്യവസായമേഖലയിൽ യന്ത്രവത്കരണം വ്യാപകമാകുന്ന സാഹചര്യത്തിൽ തൊഴിലാളികളുടെ പുതിയ കൂലി ഘടന നിശ്ചയിക്കുക, ഇന്നത്തെ സ്ഥിതിയെക്കുറിച്ച് പഠനം നടത്തുക, ഈ മേഖലയിൽ നടത്തേണ്ട നവീകരണ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച് പഠനം നടത്തി ശിപാർശ സമർപ്പിക്കുന്നതിനായി തൊഴിലാളി-തൊഴിലുടമ-ഗവൺമെന്റ് പ്രതിനിധികൾ അടങ്ങിയ ഒരു കമ്മിറ്റി രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(സി) കക്കുവണ്ടി മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നത് സംബന്ധിച്ച് ഗവൺമെന്റ് തലത്തിൽ ചർച്ച നടത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly